# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1918 17.03.2015-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ്</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ.ലൂഡി ലൂയിസ് | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് കൂടുതൽ ഫലപ്രദമാക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരുവാനുദ്ദേശിക്കുന്നുണ്ടോ ; | (എ) 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള 2014-ലെ ഭേദഗതി ആക്റ്റ് 31.12.2014-ൽ പ്രാബല്യത്തിൽവന്നു കഴിഞ്ഞു. |
| ബി) ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) നിയമ ഭേദഗതി പ്രാബല്യത്തിൽവന്ന പ്രകാരം 'മണി ചെയിൻ' കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വർക്കൂടി ഇപ്പോൾ നിയമത്തിന്റെ പരിധിയിൽ വന്നിട്ടുണ്ട്. കരുതൽ തടങ്കലിൽ വയ്ക്കാവുന്ന പരമാവധി കാലയളവ് ആറുമാസം എന്നുള്ളത് ഒരു വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൊള്ളപ്പലിശക്കാർ, ഹവാല തട്ടിപ്പുകാർ എന്നിവർക്കെതിരേയുള്ള നടപടികൾ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി ഇവയുടെ നിർവ്വചനങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ നടത്തുവാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ പിടിച്ചെടുക്കുന്നതിനും കണ്ടുകെട്ടുന്നതിനുമുള്ള വിപുലമായ വ്യവസ്ഥകളും ഭേദഗതി ചെയ്യപ്പെട്ട പ്രകാരം നിയമത്തിൽ പ്രതിപാദിക്കുന്നു. |
| സി) കുറ്റകൃത്യങ്ങൾ തടയുന്നതിനും ബ്ലേഡ് മാഫിയയെ നേരിടുന്നതിനും എന്തെല്ലാം ശിക്ഷകളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (സി) മണി ചെയിൻ കുറ്റവാളികളെക്കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കൊള്ളപ്പലിശക്കാർ, ഹവാലത്തട്ടിപ്പുകാർ എന്നിവരുടെ സംഘടിത കുറ്റകൃത്യങ്ങൾ കൂടുതൽ ഫലപ്രദമായി തടയുന്നതിന് ബന്ധപ്പെട്ട നിർവ്വചന ഖണ്ഡങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. കരുതൽ തടങ്കൽ നിയമമായതുകൊണ്ട് ഏതെങ്കിലും കുറ്റത്തിനുള്ള ശിക്ഷകൾ ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |

| | | |
|---|---|---|
| ഡി) | ഇതു സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ? | (ഡി) 2014-ലെ കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ആക്റ്റ് 31.12.2014-ൽ പ്രാബല്യത്തിൽ വന്നു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ